**ട്രഷറികളിലെ സ്ഥിരം നിക്ഷേപങ്ങൾക്ക് ഇൻസെന്റീവ്**

**54 (451)** ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രഷറികളിലെ സ്ഥിരം നിക്ഷേപങ്ങൾക്ക് ജീവനക്കാർക്ക് ഇൻസെന്റീവ് നൽകുന്ന സംവിധാനം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിക്ഷേപത്തുകയുടെ എത്ര ശതമാനമാണ് ജീവനക്കാർക്ക് ഇൻസെന്റീവ് ആയി നൽകുന്നതെന്ന് അറിയിക്കുമോ ;

(സി) ഇൻസെന്റീവ് സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് നൽകാറുണ്ടോ ;

(ഡി) ഒരു മാസം ഇൻസെന്റീവ് ആയി ലഭിക്കുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ഇ) പല പ്രദേശങ്ങളിലും കുറഞ്ഞ കാലയളവിലേയ്ക്ക് നിക്ഷേപതുക ഡെപ്പോസിറ്റ് ചെയ്യിക്കുകയും അതിനുള്ള ഇൻസെന്റീവ് വാങ്ങി വീണ്ടും പ്രസ്തുത തുക നിക്ഷേപിച്ച് വീണ്ടും ഇൻസെന്റീവ് വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ഒരു ശതമാനം.

(സി) ഇല്ല. തുക ക്യാൻവാസ് ചെയ്യുന്ന ജീവനക്കാർക്ക് മാത്രം ഇൻസെന്റീവ് നൽകാറുണ്ട്.

(ഡി) നിശ്ചയിച്ചിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ട്രഷറിയിൽ നിന്ന് പണം കൊടുക്കാത്തതിനുള്ള കാരണം**

**55 (452)** ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ജനുവരി മുതൽ 2000 ഡിസംബർ 31 വരെ വിവിധ ഗവൺമെന്റ് വകുപ്പുകൾ നൽകിയ എത്ര ചെക്കുകൾ ട്രഷറിയിൽ നിന്നും മാറ്റി പണം കൊടുക്കാതെ ഉണ്ട് ;

(ബി) ഇപ്രകാരം പണം കൊടുക്കാത്തതിന്റെ കാരണമെന്ത് ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly